**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1330** **03-02-2026 - ൽ മറുപടിയ്ക്ക്**

**കോങ്ങാട് മണ്ഡലത്തിലെ എഴുത്തോംപാറ പാലത്തിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോങ്ങാട് മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന എഴുത്തോംപാറ പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ചു വരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | കോങ്ങാട് നിയോജക മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടുകൂടി കെ. ആർ. എഫ്. ബി - പി. എം. യു മുഖേന നടന്നു വരുന്ന എഴുത്തോമ്പാറ പാലത്തിന് 31/10/2016 തീയതിയിലെ സഉ.സാധാ. നം.1496/2016/PWD ഉത്തരവ് പ്രകാരം 15 കോടി രൂപക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. 13/03/2024 തീയതിയിൽ 5.96 കോടി രൂപയുടെ സാമ്പത്തികാനുമതിയും തുടർന്ന് 14/03/2025 തീയതിയിൽ 10.23 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും കിഫ്ബി നൽകിയിട്ടുണ്ട്. 22-03-2025 തീയതിയിൽ 10.226 കോടി രൂപയ്ക്ക് സാങ്കേതിക അനുമതി നൽകി 25/03/2025-ൽ ടെൻഡർ ചെയ്തു. പ്രസ്തുത ടെൻഡറിൽ ആരും പങ്കെടുക്കാത്തതിനാൽ 09/04/2025, 23/04/2025, 02/07/2025 എന്നീ തീയതികളിൽ പ്രവൃത്തി റീ-ടെൻഡർ ചെയ്തു. 02/07/2025-ൽ നടന്ന റീ-ടെൻഡറിൽ മൂന്ന് ബിഡ്ഡേഴ്സ് പങ്കെടുക്കുകയും L1 Bidder ആയ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്ന കരാർ കമ്പനി 12 കോടി രൂപ (39.33% above - 2018 DSOR) ക്വോട്ട് ചെയ്യുകയും ചെയ്തു. പ്രസ്തുത കരാർ കമ്പനി ക്വോട്ട് ചെയ്ത തുക 2021 DSOR + 10% ലും കൂടുതലായതിനാൽ കെ.ആർ.എഫ്.ബി. പ്രോജക്ട് ഡയറക്ടർ ടെൻഡർ അംഗീകാരത്തിനായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതും നിലവിൽ D1/602/2025-PWDനമ്പർ ഫയലിൽ സർക്കാർ പരിശോധിച്ചുവരുന്നതുമാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) | എ പിരിവിന്റെ അതേ മറുപടി |
| (സി) | പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും പ്രവൃത്തിയുടെ നിർമ്മാണം | (സി) | എ പിരിവിന്റെ അതേ മറുപടി. |

| | | | |
|---|---|---|---|
| | എന്ന് ആരംഭിക്കാൻ കഴിയുമെന്നുമുള്ള വിവരവും ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ